കുടുംബശ്രീയുടെ പ്രവർത്തനം

212 (7511) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ അതേമേഖലയിൽ പ്രവർത്തിക്കുന്ന ആശ്രയ, സ്നേഹിത പദ്ധതികളുമായി ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) തീരദേശ-ആദിവാസി മേഖലകളിൽ ഫലപ്രദമായി ഇടപെടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കുന്നത് ?

ഉത്തരം

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ താഴെ പറയുന്നു:

- സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനത്തിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിൽ 28% വർദ്ധനവ് വരുത്തി.
- 86895 അയൽക്കൂട്ടങ്ങളെ ഗ്രേഡ് ചെയ്ത് ബാങ്കുമായി ലിങ്ക് ചെയ്തു.
- കേരളത്തിലെ മുഴുവൻ അയൽക്കൂട്ടങ്ങളിലും ജനുവരി 26-ന് അയൽക്കൂട്ട സംഗമം നടത്തി കർമ്മ പദ്ധതി തയ്യാറാക്കി.
- മെന്റർ അയൽക്കൂട്ടങ്ങളെ കണ്ടത്തുന്നതിനുള്ള ഗ്രേഡിംഗ് പരിപാടി ആരംഭിച്ചു.
- 1043 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി 102145 പേർക്ക് 50700.07 ലക്ഷം രൂപയുടെ ആശ്രയ പദ്ധതി നടപ്പിലാക്കി.
- 21 ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. 102 ബി.ആർ.സി.കൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ആശ്രയ ചലഞ്ച് ഫണ്ട് 15 ലക്ഷത്തിൽനിന്ന് 25 ലക്ഷമായി ഉയർത്തി.
- കുടുംബശ്രീ പ്രവർത്തകരുടെ മക്കൾക്ക് ഇൻഷ്വറൻസ്, സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കി.
- ബാങ്ക് ലിങ്കേജ് 2474 കോടി രൂപയായി വർദ്ധിച്ചു.
- 2255 പുതിയ സൂക്ഷ്മ സംരംഭങ്ങൾക്ക് സഹായം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകി 47.17 കോടി രൂപ വിറ്റുവരവ് നേടി.
- കാർഷിക ആവശ്യങ്ങൾക്കായി 105 കോടി രൂപ വായ്പയായും അല്ലാതെയും 2,01,650 കോടി രൂപ കുടുംബശ്രീ വനിതാകർഷകർക്ക് നൽകി 40218 ഹെക്ടറിൽ കൃഷി ചെയ്തു. 912 FFC (Farmers facilitation centre) 10598 മാസ്റ്റർ കർഷകരെയും കണ്ടെത്തി.
- സ്ത്രീശക്തി പോർട്ടലിൽ 104174 പേർ ആശയസംവാദം നടത്തിയിട്ടുണ്ട്.
- 72 സി.ഡി.എസ്-കളിൽ ക്രൈംമാപ്പിംഗ് നടത്തി.
- 50047 ബാലസഭകളിലായി 870544 കുട്ടികളെ അംഗങ്ങളാക്കി.
- എസ്.ജെ.എസ്.ആർ.വൈ. പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സംഭരകത്വമേള സംഘടിപ്പിച്ചു.
- കുടുംബശ്രീ സിഡി.എസുകളുടെ പൊതുഭരണത്തിനുള്ള ധനസഹായം 26% വർദ്ധിപ്പിച്ചു.
- സി.ഡി.എസ്. ചെയർപേഴസൺമാരുടെ, ഓണറേറിയം കഴിഞ്ഞ വർഷത്തേക്കാൾ 33% വർദ്ധിപ്പിച്ചു.
- എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ കുടുംബശ്രീക്ക് ഫലപ്രദമായ സംയോജിത മോണിറ്ററിംഗ് വിലയിരുത്തൽ സമിതി രൂപവത്ക്കരിച്ചു.
- സഹകരണ ബാങ്കുകളിൽനിന്നും കുടുംബശ്രീ അംഗങ്ങൾ എടുത്ത ഭവനശ്രീ വായ്പയുടെ ബാധ്യതയായ 14 കോടി രൂപ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.
- സമ്പൂർണ്ണ അയൽക്കൂട്ട ക്യാമ്പെയിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ എണ്ണം 189742 -ൽ നിന്നും 258908 ആയി വർദ്ധിച്ചു.
- സംസ്ഥാനത്ത് 941 സി.ഡി.എസ്.-കളിൽ ജെന്റർ കോർണറുകൾ ആരംഭിച്ചു.
- ദേശീയ ഗ്രാമീണ ഉപജീവന മിഷൻ കുടുംബശ്രീയെ ദേശീയ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ കുടുംബശ്രീ വികസിപ്പിച്ച ഉദാത്ത മാതൃകകൾ ആസാം, ബീഹാർ, ഝാർഖണ്ഡ്, കർണ്ണാടക, മഹാരാഷ്ട്ര, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. രാജസ്ഥാൻ, ഗുജറാത്ത്, പശ്ചിമബംഗാൾ, ഹിമാചൽ പ്രദേശ്, സിക്കിം, മേഘാലയ എന്നീ സംസ്ഥാനങ്ങളിൽ കൂടി പ്രസ്തുത പരിപാടികൾ നടപ്പാക്കുന്നതിനുള്ള തയ്യറെടുപ്പുകൾ പൂർത്തിയായിട്ടുണ്ട്.

- സമൂഹത്തിൽ ഏറ്റവും അധികം പാർശ്വവത്ക്കരിക്കപ്പെടുന്ന വർക്ക് പ്രത്യേക പരിഗണനയും സംരക്ഷണവും പിന്തുണാ സംവിധാനവും ഉറപ്പാക്കുന്നതിനായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ശാരീരിക-മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്കുപുറമേ പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർ എന്നിവരെയും കൂടി കുടുംബബശ്രീ സംഘടനാ സംവിധാന ത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി തിരുവനന്തപുരം, മലപ്പുറം, എറണാകുളം ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചു.

(ബി) കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ആശ്രയ, സ്നേഹിത എന്നീ പദ്ധതികൾ ലക്ഷ്യമിടുന്നത് രണ്ടു വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. അതിനാൽ ഇവയുടെ ഏകോപനം സാധ്യമല്ല.

(സി) സമ്പൂർണ്ണ അയൽക്കൂട്ടത്തിന്റെ ഭാഗമായി തീരദേശ മേഖലകളിൽ തിരുവനന്തപുരം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ അയൽക്കൂട്ടം രൂപീകരിച്ചു കഴിഞ്ഞു. ആദിവാസി മേഖലകളിൽ പ്രത്യേക ട്രൈബൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയും ട്രൈബൽ വകുപ്പും സംയുക്തമായി സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായി എല്ലാ ആദിവാസി ഊരുകളിലും (കേരളത്തിലെ 4686 ഊരുകളിൽ) ആദിവാസി മേഖലകളിൽ ട്രൈബൽ മൈക്രോ ലെവൽ പ്ലാനിംഗ് (ഊരുതല സൂക്ഷ്മതല പദ്ധതി രൂപീകരണം) സംസ്ഥാനതല പരിശീലനങ്ങൾ പൂർത്തിയായിട്ടുണ്ട്. ജില്ലാതല പരിശീലനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന, പണിയവിഭാഗങ്ങൾക്ക് 100 ദിവസം മൂന്നുനേരം ഭക്ഷണം നൽകുന്ന പദ്ധതി പ്രകാരം 4 ജില്ലകളിൽ (കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ) 100 പണിയ കോളനികളിൽ 100 ദിവസം എന്ന രീതിയിൽ പണിയശതദിന പരിപാടി അനൗപചാരിക പഠനാലയമുഖേന നടപ്പിലാക്കിവരുന്നു.

കുടുംബശ്രീയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

213 (7512) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ, അഗതി കുടുംബങ്ങൾ ഉൾപ്പെടെ നിരവധി ദരിദ്ര കുടുംബങ്ങൾ ഇനിയും ഭാഗഭാക്കായിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly